**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണ വകുപ്പിലെ ചെയിൻമാനായ ശ്രീ.മുഹമ്മദ് മുസ്തഫയ്ക്കെതിരെയുള്ള അച്ചടക്ക നടപടി അപ്പീൽ പെറ്റീഷൻ തീർപ്പാക്കി - ഉത്തരവാകുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധ)നം. 1460/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 5.6.2013

================================================================================

പരാമർശം:- 1) മുഖ്യനഗരാസൂത്രകന്റെ 22.12.2012-ലെ എ4/9151/11 നമ്പർ കത്ത്.
2) ശ്രീ. മുഹമ്മദ് മുസ്തഫ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3) മുഖ്യനഗരാസൂത്രകന്റെ ഉത്തരവ് നം. എ4/9151/2011 തീയതി 1.8.2012.

**<u>ഉത്തരവ്</u>**

കൊല്ലം നഗരാസൂത്രണ കാര്യാലയത്തിലെ ചെയിൻമാനായ ശ്രീ.കെ.യു. മുഹമ്മദ് മുസ്തഫ മുഖ്യനഗരാസൂത്രകനോട് അപമര്യാദയായി പെരുമാറിയ കുറ്റത്തിന് ടിയാളെ മുഖ്യനഗരാസൂത്രകൻ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും 6 മാസത്തെ സസ്പെൻഷൻ കാലാവധി അർഹതപ്പെട്ട അവധിയായി തീർപ്പാക്കിയും ഒരു വാർഷിക ഇൻക്രിമെന്റ് തടഞ്ഞും അച്ചടക്ക നടപടി പൂർത്തിയാക്കിയിരുന്നു.

പരാമർശം രണ്ട് പ്രകാരം ശിക്ഷണനടപടി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.കെ.യു.മുഹമ്മദ് മുസ്തഫ സർക്കാരിന് സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ, ജീവനക്കാരിൽ നിന്നും ഇത്തരത്തിലുള്ള പെരുമാറ്റം ഇനിമേൽ ഉണ്ടാകാതിരിക്കുന്നതിന് ടിയാന്റെ പേരിൽ എടുത്തിട്ടുള്ള ശിക്ഷാനടപടികൾ പുന:പരിശോധിക്കേണ്ടതില്ലായെന്ന് അപ്പീൽ പെറ്റീഷൻ പരിഗണന അർഹിക്കുന്നില്ലായെന്നും മുഖ്യനഗരാസൂത്രകൻ പരാമർശം ഒന്നു പ്രകാരം അറിയിച്ചിരുന്നു.

മേൽ വിഷയം സംബന്ധിച്ച് 13.5.2013-ൽ അപേക്ഷകനെയും മുഖ്യനഗരാസൂത്രണ കാര്യാലയത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയും സർക്കാർ പ്രതിനിധി നേരിൽ കേൾക്കുകയുണ്ടായി. ശ്രീ.കെ. യു. മുഹമ്മദ് മുസ്തഫയ്ക്കെതിരെ ചുമത്തിയിട്ടുള്ള കാര്യങ്ങൾ താഴെ പറയുന്നവയാണ്.

1. അനുവാദമില്ലാതെ മുഖ്യനഗരാസൂത്രകന്റെ മുറിയിൽ അതിക്രമിച്ചു കയറി.
2. ടിയാളുമായി ബന്ധമില്ലാത്ത ഫയലിന്റെ കാര്യങ്ങൾക്ക് മുഖ്യനഗരാസൂത്രകനോട് കയർത്ത് മോശമായ ഭാഷയിൽ സംസാരിച്ചു.
3. ബഹളം വെയ്ക്കുകയും ജോലി തടസ്സപ്പെടുത്തുകയും ചെയ്തു.
4. മുറിയിൽ നിന്നും പുറത്തുപോകാൻ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും പുറത്തു പോകാതെ 10 മിനിട്ടോളം ബഹളം വെയ്ക്കുകയുണ്ടായി.
5. പുറത്തു നിന്നും ഉച്ചത്തിൽ മോശമായ ഭാഷയിൽ സംസാരിക്കുകയുണ്ടായി.

നേരിൽ കേട്ടതിൽ നിന്നും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

i. അനുവാദമില്ലാതെ മുഖ്യനഗരാസൂത്രകന്റെ മുറിയിൽ അതിക്രമിച്ചു കയറി എന്ന ആരോപണം ശരിയാണെന്നു തോന്നുന്നില്ല. മുഖ്യനഗരാസൂത്രകനെ മുഖം കാണിച്ച അപേക്ഷകൻ തലകുലുക്കി സമ്മതം നല്കിയതിന്റെ അടിസ്ഥാനത്തിലാണ് മുറിയിൽ പ്രവേശിച്ചിട്ടുള്ളത് എന്ന ശ്രീ. മുഹമ്മദ് മുസ്തഫയുടെ മൊഴി സത്യമാകാനാണ് സാദ്ധ്യത. കാരണം സാധാരണഗതിയിൽ പ്രവേശനാനുമതിയ്ക്കായി മുഖം കാണിക്കുന്ന ഉദ്യോഗസ്ഥനെ മേലുദ്യോഗസ്ഥൻ മടക്കി അയയ്ക്കേണ്ട കാര്യമില്ല.

ii. സ്വന്തം നിലയ്ക്കോ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സംഘടനയുടെ ജനറൽ സെക്രട്ടറി എന്ന നിലയ്ക്കോ തന്റേതല്ലാത്ത ഒരു ഫയലിനെക്കുറിച്ചും മേലുദ്യോഗസ്ഥനോട് അന്വേഷിക്കുന്നത് തെറ്റായി കാണേണ്ടതുണ്ടെന്നു തോന്നുന്നില്ല.

iii. മുഖ്യനഗരാസൂത്രകന്റെ മുറിയിൽ ശ്രീ.മുസ്തഫ ബഹളം വെച്ചുവെന്നും മുഖ്യനഗരാസൂത്രകൻ ആവശ്യപ്പെട്ടിട്ടും മുറിയിൽ നിന്നും ഇറങ്ങാതെ കൂട്ടാക്കിയില്ല എന്നതും ശരിയാണെന്നു കാണുന്നു. എന്നാൽ താൻ അസഭ്യം പറഞ്ഞിട്ടില്ലായെന്നും തന്റെ ശബ്ദം പൊതുവെ ഉച്ചത്തിലാണെന്നും ശ്രീ മുസ്തഫ ബോധിപ്പിക്കുകയുണ്ടായി.

ഇക്കാര്യത്തിൽ തെളിയിക്കപ്പെട്ടിട്ടുള്ള കുറ്റം കീഴ് ജീവനക്കാരനായ ശ്രീ. മുസ്തഫ മേലുദ്യോഗസ്ഥനായ മുഖ്യനഗരാസൂത്രകനോട് കയർത്തു സംസാരിച്ചുവെന്നതും മുറിയിൽ നിന്നും ഉടനടി ഇറങ്ങി പോകാൻ കൂട്ടാക്കിയില്ല എന്നതുമാണ്. ഈ കുറ്റത്തിന് suspension കാലമായ 6 മാസം അർഹതപ്പെട്ട അവധിയായും ഒരു വർഷത്തെ വാർഷിക ഇൻക്രിമെന്റ് തടഞ്ഞും നല്കിയിട്ടുള്ള ശിക്ഷ ന്യായീകരിക്കത്തക്കതായി കാണുന്നില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം മൂന്നാമതായി വായിച്ച മുഖ്യനഗരാസൂത്രകന്റെ ഉത്തരവ് അസ്ഥിരപ്പെടുത്തി; ശ്രീ. മുഹമ്മദ് മുസ്തഫ സസ്പെൻഷനിലായിരുന്ന കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ചും ടിയാളുടെ വാർഷിക ഇൻക്രിമെന്റ് പുനഃസ്ഥാപിച്ചു ടിയാൾക്ക് താക്കീതു നല്കിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി. റംലത്ത്,
**അണ്ടർ സെക്രട്ടറി.**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
ശ്രീ. കെയു. മുഹമ്മദ് മുസ്തഫ, ചെയിൻമാൻ.
ജില്ലാ നഗരാസൂത്രണ കാര്യാലയം, കൊല്ലം
(മുഖ്യ നഗരാസൂത്രകൻ വഴി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള,
തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**